(ബി) എങ്കിൽ എന്നാണ്;

(സി) ഇല്ലെങ്കിൽ എന്നത്തേക്ക് പ്രസിദ്ധപ്പെടുത്തുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

അഡ്വൈസ് മെമ്മോ കിട്ടിയിട്ടും നിയമന ഉത്തരവ് ലഭിക്കാത്തവർ

459 [811] ശ്രീ. എ.സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പബ്ലിക് സർവ്വീസ് കമ്മീഷൻ തിരഞ്ഞെടുക്കുന്ന ഉദ്യോഗാർത്ഥികളുടെ ലിസ്റ്റിൽനിന്നും നിയമനം നടത്തുവാൻ അഡ്വൈസ് ചെയ്തിട്ട് മൂന്നു മാസം കഴിഞ്ഞിട്ടും നിയമന ഉത്തരവ് ലഭിച്ചില്ലെങ്കിൽ എന്തുകൊണ്ടാണ് നിയമന ഉത്തരവ് കൊടുക്കാത്തത് എന്നു ബന്ധപ്പെട്ട വകുപ്പിൽനിന്നും വിശദീകരണം തേടുന്ന പതിവ് നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇത്തരം കേസുകളിൽ ഉദ്യോഗാർത്ഥികൾ പി.എസ്.സി.യെ അറിയിച്ചാൽ വിശദീകരണം തേടാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) സാമൂഹ്യ വികസന വകുപ്പിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരായി നിയമനം ലഭിക്കുന്നതിന് കോഴിക്കോട് ജില്ലയിൽ നിന്നും പബ്ലിക് സർവ്വീസ് കമ്മീഷൻ തിരഞ്ഞെടുത്ത ലിസ്റ്റിൽ നിന്ന് അഡ്വൈസ് മെമ്മോ ലഭിച്ചവർക്ക് മാസങ്ങൾ ആയിട്ടും നിയമനം നൽകാത്തത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) ഇതേക്കുറിച്ച് അന്വേഷിക്കുമോ;

(ഇ) അഡ്വൈസ് മെമ്മോ കിട്ടിയവരെ ട്രെയിനിംഗിന് എടുക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിലുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഉണ്ട്.

(ഡി) അന്വേഷണം ആവശ്യമില്ല.

(ഇ) ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly